LIBRARY ARCHIVES Kerala Legislative Assembly

പത്തനാപുരം നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

194 (1158) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ലക്ഷ്യമിട്ടിരുന്നതിൽ എത്ര തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ; ഇതിൽ വൈദ്യുതി ബോർഡിന്റെ വിഹിതം എത്ര രൂപയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 186 ലക്ഷം രൂപ ചെലവഴിച്ചു. ഈ പദ്ധതിയിൽ ഉൾപ്പെട്ട 1450 ഓളം വീടുകൾ വൈദ്യുതീകരിച്ചു.

(ബി) 1516 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കും.

(സി) ഏകദേശം 186 ലക്ഷം രൂപ ചെലവഴിച്ചു. വൈദ്യുതി ബോർഡിന്റെ വിഹിതമായി 1,24,97,447 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഫോറസ്റ്റ് അനുമതിയും പ്രോപർട്ടി ക്രോസിംഗ് കൺസന്റും വേണ്ട പ്രവൃത്തികൾ ഒഴികെയുള്ളത് 2011 ഫെബ്രുവരി അവസാനത്തോട് കൂടി പൂർത്തിയാക്കുവാൻ സാധിക്കും. ഫോറസ്റ്റ് അനുമതിയും പ്രോപ്പർട്ടി ക്രോസിംഗ് കൺസന്റും വേണ്ട പ്രവൃത്തികൾ, അനുമതി കിട്ടുന്ന മുറയ്ക്ക് ചെയ്തു തീർക്കുന്നതാണ്.

ആലത്തൂർ അസംബ്ലി നിയോജക മണ്ഡല പരിധിയിൽ അനുവദിച്ച പുതിയ വൈദ്യുതി കണക്ഷൻ

195 (1159) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ അസംബ്ലി നിയോജകമണ്ഡലപരിധിയിൽ ആകെ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട് ; ഇനം തിരിച്ചും, പഞ്ചായത്ത് തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) വൈദ്യുതി കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകൾ ആലത്തൂരിലെ ഏതെങ്കിലും വൈദ്യുതി ഓഫീസിൽ തീർപ്പുകൽപ്പിക്കാൻ അവശേഷിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 28574 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. നേർച്ചപ്പാറ, കുഞ്ഞിയാർപതി, ചുരുപാറ, മന്നണ്ണക്കയം, ലടാക്ക്, പോത്തുകാട്, അട്ടവാടി (പകുതി), പാലക്കുഴി എന്നീ ഭാഗങ്ങളിൽ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ ബാക്കിയുണ്ട്. ഇതിൽ അട്ടവാടി (പകുതി), പാലക്കുഴി എന്നീ പ്രദേശങ്ങളിൽ ലൈൻവലിച്ചു കഴിഞ്ഞെങ്കിലും വനം വകുപ്പിൽ നിന്നുള്ള എതിർപ്പ് കാരണം കണക്ഷൻ കൊടുത്തിട്ടില്ല. ബാക്കിയുള്ള പ്രദേശങ്ങൾ RGGVY പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായി ആരവല്ലി ഇൻഫ്രാ പവർ ലിമിറ്റഡ്, ന്യൂഡൽഹി എന്ന സ്ഥാപനത്തിന് വർക്ക് തുടങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

ബാലുശ്ശേരി നിയോജക മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാനുള്ള നടപടി

198 (1160) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈയിനത്തിൽ ബോർഡിലേക്ക് എം.എൽ.എ.യും, എം.പി.യും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകിയ വിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിന് 1,16,17,950 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) തലക്കുളത്തൂർ പഞ്ചായത്ത് വിഹിതം നൽകിയത് – 3,75,187 രൂപ, പനങ്ങാട് പഞ്ചായത്ത് നൽകാമെന്നേറ്റത് – 10 ലക്ഷം രൂപ, എം.എൽ.എ. വാഗ്ദാനം ചെയ്തത് – 49,46,263 രൂപ, എം.പി. ഫണ്ടിൽ നിന്നും വാഗ്ദാനം ചെയ്തത് – 4,36,550 രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly